ഭവാനി.



എം. ആർ. കൃഷ്ണവാര്യർ

ഭവാനി.

(വിശുദ്ധശൃംഗാരഖണ്ഡകാവ്യം)



ഗ്രന്ഥകർത്താ

എം. ആർ. കുഞ്ഞുവാര്യർ ബി. എ., എൽ. ടി.

ബി. വി. ബുക്ക്ഡിപ്പോ & പ്രിൻറിംഗ് വർക്കസ്

തിരുവനന്തപുരം.

1935] [വില അണ ൩.

ശുദ്ധിപത്രം

വശം	ശ്ലോകം	വരി	അശുദ്ധം	ശുദ്ധം.
൧	൩	൨	വളച്ചു	വള്ളച്ചു
൧	൪	൩	പ്പൂച്ചെടി കഞിടസ്സ	പ്പൂച്ചെടി കടഞ്ഞിടസ്സ
൧൧	൬൧	൨	ഗമയിൽ	ഗമയാൽ
൧൧	൬൧	൩	അവ്വണ്ണ	അവണ്ണ
൧൬	൯൪	൧	പോദട്ടം	പോരാട്ടം
൧൯	൧൬	൨	ച്ചുറകെ	ച്ചുറകൾ.
൧൯	൧൯	൪	മച്ചു	മറച്ചു.
൨൪	൧൪൧	൨	മാതൃത്ഥനി	മാതൃത്ഥന
൨൫	൧൪൩	൨	പരമാത്ഥ	പരമാർത്ഥ
൨൬	൧൪൪	൧	ചെയ്യേണ്ണതി	ചെയ്യേണതി
൨൭	൧൬൧	൩	സ്പർഗ്ഗന	സ്പർശന
൨൭	൧൬൧	൪	കെട്ടത്ത	കെട്ടത
൩൦	൧൭൦	൪	ട്ടന്നങ്ങിള്ള	ട്ടന്നങ്ങിള
൩൪	൧൯൯	൪	വഴിക്കുതു	വഴിക്കിതു
൩൬	൨൧൧	൨	ട്ടം	ടം

ഭവാനി



ഭവാനി—വിദ്യാർത്ഥിനി—കൂട്ടിൽനിന്നു പെൺ-
കിളികിടാവെന്നതുപോലെ ശാഖിയിൽ,
ഒഴിഞ്ഞിറങ്ങീ മണിമച്ചിൽനിന്നു, ഉ-
വനത്തിൽനിന്നും മൃഗബാലപോലവേ. ൧

ഇറങ്ങി ഹർമ്മ്യത്തിനകത്തുനിന്നു, പൂ-
നിലാവുപോലെ മതിയിങ്കൽനിന്നു,
ഇടംവലം നോക്കിയൊഴിഞ്ഞു സംഭ്രമി-
ച്ചിഭേന്ദ്രനെപ്പോലെ, നടന്നു നീങ്ങിനാൾ. ൨

കടന്നു വീട്ടിന്റെ പുറപ്പുറമ്പിലെ-
ക്കമാൻവളച്ചുള്ളൊരു വാതിൽ, വാടിയിൽ
കരേറി, യപ്പൂച്ചെടികൾക്കിടയ്ക്കു സ-
ഞ്ചരിച്ചു ശീഘ്രം ശലഭാംഗനാസമം. ൩

ഒളിക്കുളിർപ്പൂവനികയ്ക്കകത്തു; തെ-
ല്ലൊഴിഞ്ഞതാം മൂലയിലെത്തി മുഗ്ദ്ധയാൾ
ഒളിച്ചുനിന്നാൾ, വഴിതെററിവന്ന വീ-
ണ്ണൊലിച്ചു തീർത്ഥാപടി കാടിമോന്തയിൽ ൪

പ്രതീക്ഷപോലെ, പ്രിയമാനസോത്സവ-
പ്രതീക്ഷണം കണ്ണിനു കിട്ടിടായ്കയാൽ,
പ്രതിപ്രശംസാമയസങ്കടാമയ-
പ്രതീതിയുണ്ടായി ഇളൊമവാൾക്കടൻ. ൫

ഇതണ്ടുണ്ണഞ്ഞനിയിലത്ര ഗാഢമാ-
യിരുന്ന നിഗ്ഗൂഢതയക്കൃശാംഗിയിൽ
ഇണക്കിയുൾക്കൊണ്ടു; ഒരാൾക്കു ചുററമു-
ള്ള വസ്തുപോലായിടുമേ മനസ്ഥിതി. ൬

വരാഭകോലും മണിദീപമെന്നപോ-
ലകംകുരസ്നേഹമതെത്ര നാൾക്കുനാൾ
വളർത്തി ലാളിച്ചിടുമപ്പനമ്മമാ-
രറിഞ്ഞിടില്ലേ ബഹുഗൂഢവൃത്തികൾ? ൭

മഹാഭിമാനം കലരും പിതാവിനി-
മലീമസവ്യാജവിഹാരവൃത്തികൾ
മനസ്സടക്കാം; കലർന്നുമിക്കാതക-
ത്തിരിക്കുവാനുള്ള വരാണു കന്യകൾ. ൮

സതീവ്രതശ്രേഷ്ഠതയെ പുകഴ്ത്തുമാ-
സ്സതീത്വനിസ്സാഹസവൃത്തി കേൾക്കുകിൽ
ചിരിക്കയില്ലേ? പരിഹാസപാത്രമാ-
യിരിപ്പതിൽ ഭേദമൊരാൾ മരിക്കയാം. ൯

ഇതുകളെല്ലാമറിയാതെ, ഗൂഢമാം
വഴിക്കിറങ്ങുന്നതു യോഗ്യമാകുമോ?
ഇതാപമല്ലേ സകലാധിവൃത്തികൾ-
ക്കിളക്കമില്ലാത്തതിവാരമൃഴിയിൽ? ൧൦

ഇതൊന്നുമോർക്കാതെ പഠിപ്പുകാരി, ദു-
ഷ്പ്രലോഭനാധീനതയാർന്നതത്ഭുതം!
ഇഹാംഗ്ലവിദ്യാഭ്യസനത്തിനുള്ളതാം
ഫലോദയം പെണ്ണിനു തോന്ന്യവാസമോ? ൰൧.

ഘനോൽക്കടോൽക്കണ്ഠ മുഴുത്തിടഞ്ഞുകൈക-
ലതയ്ക്കണിഞ്ഞീടിന കാപ്പുപോലവെ,
ഘടിച്ചിരിക്കും ഘടികാരമംഗനാ-
ലലാമമസഹ്യമൊടാശു നോക്കിനാൾ. ൰൨.

അടിച്ചതില്ലാറിനിയഞ്ചുമാത്രയ-
ണ്ടു; തക്കവന്നായതനാഥവാഞ്ഛയാൽ
കുറച്ചുനേരത്തിനുമുമ്പു വന്നവ-
ന്നതാണു സങ്കേതതലത്തിലോമലാൾ. ൰൩.

തിരച്ചിടുന്നാഗ്രഹതീക്ഷ്ണതയ്ക്കു നേ-
ർക്കുത്തു വീഴാതെ, യതൃപ്തമാത്രയിൽ
തിരിച്ചുപോകു; പദമൊന്നു തെററിയാ-
ലധഃപതിക്കുന്നു വധൂജനം സഖി! ൰൪.

ഒരൊററയാം ചേറു മനുഷ്യർ, ജീവിത-
പ്രവാഹഘട്ടങ്ങളിൽ വിട്ടുപോകുകിൽ,
ഒടുക്കമാ ന്യൂനതമൂലമെത്രക-
ണ്ടനർത്ഥമുണ്ടാം? പണി നിർണ്ണയിക്കുവാൻ. ൰൫.

തലേദ്ദിനം കിട്ടിയ കാമലേഖന-
ത്തിലെ മധുസ്യന്ദികളാം പ്രശംസകൾ
'തലയ്ക്കുകേറി'ത്തരുണിക്കു നോവ്ലിയാ-
യിതന്നു' ബുദ്ധിക്കു വിവേകശക്തികൾ. ൰൬.

എഴുത്തിലക്ഷരമൂകനാംഗ്ലഭാഷയിൽ
കുറിച്ചു രാഗാമൃതമഞ്ജുവാണികൾ
'എളുപ്പമോ' ഹന്ത! മറക്കുവാൻ? 'മനം-
കുതിച്ചിടുന്നങ്ങ'വനോടു ചേരുവാൻ. ൧൭

വിശിഷ്ടവിദ്യാലയവാർഷികോത്സവ-
പ്രസംഗപീഠത്തിനടുത്തിരുന്നാൾ
വിലോകനത്താൽ സമനുഗ്രഹിച്ചു ത-
ത്പ്രഭാതസൂര്യോപമനെത്ര സുന്ദരൻ! ൧൮

വിദേശവസ്ത്രാഭരണങ്ങളാട്ടമ-
സ്സുഗന്ധതൈലങ്ങളണിഞ്ഞണഞ്ഞയാൾ,
വിളക്കുപോലെ ശലഭങ്ങളെ, വശീ-
കരിച്ചു വിദ്യാർത്ഥിനിമാരെ മേൽക്കുമേൽ. ൧൯

പരസ്പരം മത്സരബുദ്ധിയോടു തൽ-
പ്രസാദലബ്ധിയ്ക്കു സഭാതലസ്ഥകൾ
'പണിഞ്ഞി'തെന്നാലതിനുള്ള യോഗ'മീ-
ഭവാനിയമ്മയ്ക്കു ലഭിച്ചു മിസ്സുമം. ൨൦

ഒരാളുമേതും ഗ്രഹിയാതെയസ്സഭാ-
ദിനത്തിലുണ്ടായ വികാരമോമലാൾ
'ഒളിച്ചുവെച്ചാ'ളകതാരി,ലുഗ്രമാം-
മരുന്നിനെപ്പോലൊരു തീക്കടുക്കയിൽ. ൨൧

കിരാതനേത്രത്തിനൊരുന്നംപോലെ,യീ-
വരാംഗിയെ 'ക്കൈവശമാക്കിവെയ്ക്കുവാൻ
സ്സുരാഭനാം കാമുകനാളു വീഥിയി-
ട്ടൊരാക്കരുക്കിൽ' സുകുമാരി കേറിനാൾ. ൨൨

മേനം കവൎന്ന’നന്നടങ്ങിയക്കലാ-
ഗൃഹത്തിൽനിന്നും കൃശഗാത്രി നാൾക്കുനാൾ
മെങ്ങിടുമ്പോൾ നിഴൽപോലെ, പിൻവശ-
ത്തടുത്തു കൂടീ കമനീയകാമുകൻ. ൧൫.

കടാക്ഷവിക്ഷേപണമാൎഗ്ഗമായുമുൽ-
ക്കടാന്തരാഗം തങ്ങണിഞ്ഞു ചൊരിവാൻ
വിടശ്രീമൻ—കാമുകവേഷഭ്രഷ്ടിതൻ—
വിടാതെ കൂടീ പുറകേ കുറച്ചുനാൾ. ൧൬

വിചിത്രമോരോ വിടവിദ്യ; മാനസം-
കവൎന്ന കാമോപരനായ കാമുകൻ
വിശിഷ്യവിദ്യാൎത്ഥിനിയഭ്യസിച്ചുമാ-
റൊളിച്ചു കാണിച്ചുകൊടുത്തു നാൾക്കുനാൾ. ൧൭

പരിഷ്കൃതശ്രീകൃതിപുഞ്ജങ്ങളെ
പഠിച്ചുള്ളബോധമെന്ന തള്ളലാൽ
പകച്ചു തൽക്കാമുകകൗശലങ്ങളാൽ
പതിച്ചുവല്ലാത്ത വികാരവഹ്നിയിൽ ൧൮

കുറച്ചു തൽപ്രേരണകൾക്കധീനയായ്-
വരുന്നവിദ്യാൎത്ഥിനിയെന്നു കണ്ടവൻ
കുറിച്ചുപൂലേഖനമൊന്നു വാടിതൻ-
വളപ്പിലന്യോന്യമടുത്തു കാണുവാൻ. ൧൯

എഴുത്തിലെത്തിച്ചൊരപേക്ഷ തള്ളുവാ-
നശക്തയായിട്ടു ഭവാനിയീവിധം
‘ഏറ്റുടമ്പാട്,’ ക്കളുർപുഷ്പവാടിക-
യ്ക്കകത്തു ചെന്നാളിതളാർന്നൊരന്തിയിൽ. ൨൦

വിശ്രുതമാം ജീവനമാർന്നു, വാരണാരി-
യധഃപാതമാക്കി, മന്ദസ്വച്ഛംസ്വാകരോദധന്നാലന്നാ
'വിഴുങ്ങിടും'പോലെ, മെഴുതിലുള്ളതാം
ധാമാങ്കസാമ്രാജ്യമഹോ! നകന്നതാം. ൧൯

തിരിച്ചുപോയില്ലവ, ളൂരു ഗന്ധമാ-
യടിച്ചിടുന്നു മണി കോട്ടവാതിലിൽ,
'തികച്ചു'മുൽക്കണ്ഠ ശമിച്ചു; ഭിത്തിമേൽ
കടന്നു കേറുന്നിത തന്റെ കാമുകൻ! ൨൦

തിരക്ഷരൻകൊണ്ടു തിളക്കമുറ്റമാം
ഭുജംഗമംപോലെ, യിഴഞ്ഞു ഭിത്തിമേൽ
അലക്കുളർപ്പാവിലെടുത്തു പടി, യു-
ള്ളുലച്ചു ബാലയ്ക്കുള്ള ഹൃന്മഹങ്ങളും. ൨൧

അസംശയം സ്വന്തമതാമധുനായിതാം
ഗജാധിപൻപോലെ, ന്യഗ്രോധമാണവൻ
അടുത്തു തല്പത്തിനിതന്റെ ഗാഢസം-
ഗമത്തിനായ്ക്കൊതിപൂണ്ടു കെട്ടുകാൽ. ൨൨

അധർമ്മമാം കാമുകകാമുകീരതി-
സ്വാതന്ത്ര്യസമ്മേളനമിതു കണ്ടവൾ
അസഹ്യമായി പ്രകൃതീശ്വരി, ക്ഷപാ-
ന്തമസ്സു വീശിക്കളർവാടി മൂടിനാൾ. ൨൩

കഴിഞ്ഞു മാസം ചില താംഗ്ലബാലികാ-
കലാലയത്തിനു ഭവാനി പൂർവ്വവൽ
കടക്കമാറില്ല, വളർന്നു കുട്ടി പാൽ-
കുടിയ്ക്കുവാനമ്മയെയാത്രതിയ്ക്കുമോ? ൨൪

വിനാശമല്ലേ ഫലമേകദേശമീ-
വിദേശമാതാവിലക്കുട്ടി സാക്ഷരനാം
തരുന്ന പാൽ 'കണ്ണുമടച്ചു്' ബാലികാ-
ജനങ്ങൾ വാങ്ങി സ്വയമാസ്വദിയ്ക്കുകിൽ? ൩൫

ഒരന്യഭാഷാപഥമേറി വിദ്യയ-
ഭ്യസിയ്ക്കുവാൻ ബാലകരെ നടത്തുകിൽ,
ഒടുക്കമുണ്ടാവതസംസ്കൃതാശയ-
സ്വഭാവരാവാം കലരുന്ന പൌരികൾ. ൩൬

സ്വഭാഷയെ 'ത്തള്ളി'യൊരന്യഭാഷയിൽ
സ്വയം കലാഭ്യാസരസം സ്വദിയ്ക്കുകിൽ
സ്വതന്ത്രചിന്താങ്കുരശക്തിയുക്തരാം
സ്വഭാവമെല്ലും വരുമോ കിടാങ്ങളിൽ? ൩൭

സ്വകീയമാം മാതൃപയസ്സു തള്ളിയീ-
വിദേശഭാഷാമധുവാസ്വദിയ്ക്കയാൽ
സ്വരാജ്യമാം സ്വർഗ്ഗതലത്തിലെത്തുവാ-
നശക്തരാകുന്നിതു നമ്മൾ സാക്ഷരനാം. ൩൮

വിദേശവസ്ത്രാഭരണങ്ങളാൽ, ത്രപാ-
വിഹീനമാം വേഷമണിഞ്ഞു ബാലകർ
വിവേകമില്ലാത്തവരായി കഷ്ട!മീ-
വിദേശവിദ്യാഭ്യസനക്രമത്തിനാൽ. ൩൯

വിലോഭനാധീനവികാരദീപ്തിയീ-
വിദേശവിദ്യാഭ്യസനം കൊടുക്കയാൽ
വിശിഷ്യ വിദ്യാർത്ഥിനികൾക്കഴിക്കുമോ
വിശുദ്ധചാരിത്രവിചാരശക്തികൾ? ൪൦

വശത്തു സീമന്തമണിഞ്ഞു, ലേസു, 'കൈ-
വലത്തി'ലെത്തി, സ്വരവേഷഭാഷയിൽ
ഉശം 'മേമ്മത്തര'മാണു വിദ്യയ-
ല്ലശങ്കമിച്ചാലകളഭ്യസിപ്പതും. ൪൧

വിദേശഭാഷാപരിശീലനത്തിനാ-
ലിവണ്ണമുണ്ടാം കറവീ ഭവാനിയിൽ
വിടന്നുകാണായി; പഠിപ്പിലെന്തിനി-
പ്പുറിച്ചതില്ലങ്കിലുമെന്തു കാമിനി? ൪൨

തനിച്ചിരിക്കുന്നിതു തമ്പി പൂമുറി-
ക്കകത്തു, കണ്ണാടിയിലുള്ള റാന്തലിൽ
തളർന്നകത്തും തിരിപോലെ, യുള്ളിലും
പുറത്തുമയ്യോ! പുകയുന്നരീതിയിൽ. ൪൩

വിടർന്ന പൂവാടി, വിനങ്ങളല്പമാ-
യുലഞ്ഞു, മീനോടിനടന്ന, ജീവനം
കലങ്ങിയ'പ്പൂത്തിനി' സൂക്ഷ്മദൃഷ്ടികൾ-
ക്കതീതദുരാശയയെന്ന കണ്ടിടാം. ൪൪

മുറിക്കകം വിട്ടു വെളിക്കിറങ്ങിടാ-
തിരിക്കയാൽ, ശോണസൂര്യരശ്മികൾ
മുറക്കു കിട്ടാതൊരു വല്ലിപോലവേ
വിളർത്തു ശോഷിച്ചു വിളങ്ങി സുന്ദരി. ൪൫

സ്വപുസ്തകം മുമ്പിലതാ തുറന്നുവ-
ച്ചിരിക്കിലും, പൂമുലമൊട്ടു വായിലായ്
കിടക്കിലും തെല്ലു നുകർന്നിടാത്തതാം
കിടാവു പോലായവൾ വാണു ചിന്തയിൽ:— ൪൬

"ഇതെന്തു കഷ്ടം? ശ്രവണത്തിലെന്നോട-
ന്നരച്ചപോലെ പ്രിയനായ കാമുകൻ
ഇതേവരെയ്ക്കെൻറ വിവാഹകാര്യമായ്"-
വരാത്തതെന്തെന്നറിയുന്നതില്ല ഞാൻ. ൪൭

"മലക്കുളിർക്കാവിനകത്തുവെച്ചു, മാ-
ധവൻെറ സാക്ഷിത്വമിയന്നൊരന്തിയിൽ
മനസ്സുഴിഞ്ഞോതിയ സത്യവാചകം
മറന്നുപോയോ മമ ജീവനായകൻ? ൪൮

"ചെവിയ്ക്കു പൂന്തേനൊലിച്ചൊത്ത വാക്കു തെ-
ല്ലുവിശ്വസിപ്പാനവകാശമെന്തുവാൻ?
പവിത്രമാകുന്നനുരാഗമന്യഥാ
ഭവിയ്ക്കയില്ലെന്നു സമാശ്വസിയ്ക്കുവൻ. ൪൯

"നിരാശകൈക്കൊണ്ടിടുമാശയെത്ര ഞാ-
നൊരാഴ്ചകൂടി ക്ഷമയോടിരുന്നിടാം;
മഴയ്ക്കു വേഴാമ്പലൊരാറുമാസമാ-
യുഴന്നു കാലം കഴിയുന്നതില്ലയോ? ൫൦

"പ്രതാപവാനായി വസിച്ചിടുന്ന തൻ-
പിതാവിനെക്കണ്ടൊരനുജ്ഞ വാങ്ങുവാൻ
പ്രയാസമുണ്ടായിവരാം; മമാനഘൻ-
പ്രിയാംഗനായതുമൂലമായിടാം. ൫൧

"വരും; സ്വതാതൻെറയനുജ്ഞവാങ്ങിയെൻ-
പിതാവിനോടർത്ഥനചെയ്തു മൽപ്രിയൻ
വരിയ്ക്കുവാനെന്നു; വൃഥാപി സംശയം
പിടിച്ചു കത്തിപ്പടരുന്നതെന്തുവാൻ? ൫൨

"മറപ്പതുണ്ടെങ്കിലുമെന്റെയമ്മത-
ന്മനസ്സിലെന്തോ വലുതായ ശങ്കകൾ,
മഹാമഴയ്ക്കുള്ള ഘനങ്ങൾപോലവെ, മേ-
ല്പുയൎന്നു കേറുന്നതു കാണ്മതുണ്ടു ഞാൻ. ൩൧.

"അതീവ ലജ്ജാകരമാം നിഗ്രഹസം-
ഗമാൽ സ്വകന്യാനിലയെക്കെ വെടിഞ്ഞ ഞാൻ
സതീൎത്ഥ്യരൊത്തെങ്ങിനെയാണു, തൽക്കലാ-
ഗൃഹത്തിനുള്ളിൽ പെരുമാറിടുന്നതും? ൩൨

"പഠിച്ചതെല്ലാം മതി; ഞാനിതേവരെ-
ക്കുത്തുകഴിച്ചീടിന പുസ്തകങ്ങളാൽ
പ്രയോജനം കിട്ടിയതെന്തു? പാപമാം
കുഴിക്കകത്തു പതിച്ചതില്ലയോ? ൩൩

"കലാലയത്തിന്നു ഗമിച്ചിടാതെക-
ണ്ടിരിപ്പതെന്തെന്നകളെന്നു നാൾക്കുനാൾ
കനിഞ്ഞു ചോദിച്ചറിയാതെ ഹേതു, സ-
ന്തപിച്ചിടുന്നു പരമപ്പൂജ്യന്മാർ. ൩൪

"വിശേഷവിദ്യാലയമേ! യഥാൎത്ഥമാം
വിനോദവിജ്ഞാനപഥം ത്യജിക്കയാൽ,
വിപത്തണയ്ക്കുന്ന വിലോലമോദയോ-
ത്സവങ്ങളല്ലാൽ നീയിഹ നിന്റെ മക്കളിൽ." ൩൫

വിചാരമിമ്മട്ടവളായി; സൽഗതി-
ക്കസാദ്ധ്യമായിട്ടൊരു പങ്കവീഥിയിൽ
വിലങ്ങിവീണിട്ടൊരു വണ്ടിപോലവെ, താ-
ണിരുന്നു വിദ്യാൎത്ഥിനി ചന്ദ്രശാലയിൽ. ൩൬

തുറന്നതാം വാതിലിലൂടെ, യമ്പിളി
ത്തുഷാരഭ വല്ലിക്കതിർപോലെ, രാത്രിയിൽ
ഉലോലം പ്രശാന്തതാ കലർന്ന വേണികാ-
സാവിത്രി വന്നമ്മുറിയിൽ കരേറിനാൾ.

മനോവിചാരത്തൊടിരുന്ന തൻകയ്യും-
കടുത്ത ചെന്നമ്മ, കിടാവിനെത്തുടർ
മണത്ത നക്ഷത്രം പതുക്കെപോലെ, മാറിലേ
ത്തണച്ചു ചുംബിച്ചു പുറം തലോടിനാൾ.

അതിമന്ദചിന്താകുലയായ ബാല, യു-
ള്ളഴിഞ്ഞു ലാളിച്ചു വളർത്തമ്മയിൽ
അവ്വണ്ണമാശ്ലേഷിതയായനന്തരമാ-
ണറിഞ്ഞതാത്മാനുസമാഗമോത്സവം. ൩൧

പരിഭ്രമിച്ചിട്ടെഴുന്നേറ്റു കൊള്ളുവാ-
നൊരുങ്ങിടും പുത്രിയെ യമ്മ ചിത്രയാം
പതുക്കെയൻപോടു തടഞ്ഞു, മൊട്ടിനോ-
ടടുത്ത പൂപോലെയിരുന്നു പെറ്റവൾ. ൩൨

പ്രലോഭനീയാകൃതിപൂണ്ട പുത്രിയെ
വിലോകനാശ്ചര്യവശാത്മികയാൾ
തലോടി വാത്സല്യമൊടെങ്കിലും, വ്യഥാ-
വലോലയത്തൊട്ടുമിവണ്ണമോതിനാൾ:— ൩൩

“ഭവാനി, കാന്തേ, മകളേ, പറിഞ്ഞുവാ-
നിരിക്കവേ ദുർഭരമായ ചിന്തകം
ഉദിച്ചു തായിപ്പല പക്ഷങ്ങളും
സ്ഫുരിച്ചുകാണുന്നിതു നിന്മുഖത്തു ഞാൻ. ൩൪

"കുറച്ചുനാളായ്" സുഖമില്ലയെന്നു നീ
പറഞ്ഞു, പോകാതയി, പാഠശാലയിൽ
കുറിച്ചുമെന്നേ ലവധിയ്ക്കുപേക്ഷയേ
മുറയ്ക്കയയ്ക്കുന്നിതു മൂലമെന്തുവാൻ? ൫൫

"ചികിത്സ ചെയ്യാനൊരു നല്ല വൈദ്യനെ
വരുത്തുമല്ലോ തവ താതനോമനേ!
ചിരം മറയ്ക്കാതിനിയാത്തു ദീനതാ-
സ്വഭാവമെന്തെന്നതു ചൊല്ക തങ്കമേ! ൫൬

"ശരീരമല്ലോ! മകളേ, പഠിച്ച നീ
ശരിയ്ക്കു രക്ഷിയ്ക്കുവതില്ല നിർണ്ണയം;
ശരീരമാദ്യം ഖലു ധർമ്മസാധനം,
പ്രമാണമുണ്ടായതു വിസ്മരിയ്ക്കയോ? ൫൭

"ഉരുപരീക്ഷാദിയൊടും കിടങ്ങളി-
ലൊരുക്കിയ്ക്കുന്നിതു' പുസ്തകങ്ങളെ
ഉണങ്ങിടുന്നു' തനുവും മനസ്സുമെ-
ന്നാണെന്നു നോക്കുന്നു' കലാധികാരികൾ? ൫൮

"ഉറക്കമൂണും ശരിയായ്" നടത്തിടാ-
തുപദ്രവം തട്ടിടുമറ്റു രാപ്പകൽ
ഉഴന്നു വായിപ്പതുമൂലമായിടും
മുടങ്ങതിൻ' നാളെൻറയോമനേ! ൫൯

"ഇനിയ്ക്കു വേറിട്ടൊരു സംശയം ഇലോം
ജനിച്ചിടുന്നു; ജനയിത്രിയാകയാൽ
'ഇതെൻ കരളെച്ചെന്ന'തെന്നെക്കരിച്ചു നീ
തനിച്ചിരിയ്ക്കുന്നതു പറഞ്ഞിടാം. ൬൦

"ചെളിയ്ക്കുവാൻ നീ പരമദ്ധ്യമിയ്ക്കിലും
വെളിയ്ക്കു കാണുന്ന വികാരചേഷ്ടകൾ
വിളിച്ചുരപ്പൂ' വിപുലാനുരാഗമുൾ-
ഗ്ഗളിച്ചിടുന്നു ഹൃദയത്തിലെന്നു തേ. ൭൧

"മഹേളമാക്കുന്നുകളേ, മനോഭവൻ
മനസ്സിനേകും ബഹുസംഭ്രമങ്ങളെ
മറച്ചിടാമോ? 'നിഴലിച്ചുകണ്ണിടാ'-
മതെത്രയും തന്മുഖദർപ്പണങ്ങളിൽ ൭൨

"പരിച്ചിടുമ്പോൾ പ്രഥമാത്തമാത്രയ-
പ്രവൃത്തിചെയ്യേണ്ടവരായ കുട്ടികൾ
പരിജ്വലിയ്ക്കും വിഷയപ്രവേശന-
പ്രസക്തി കാണിപ്പതു 'കാലവൈഭവം'! ൭൩

"വരിക, വിശ്വാസപുരസ്സരം, നിന-
ക്കരിച്ചു പോരയോ പ്രതിപത്തിയെന്നിൽ?
നമിയ്ക്കു ചേരും കഥയോ? സ്വകങ്ങളെ
മറച്ചു മർത്ത്യർക്കുമളിപ്രകാണിയോ?" ൭൪

ഇവണ്ണമോതിജ്ജനനീ ത്രി പുത്രിത-
ന്നവർണ്ണ്യപ്രേമാകുലനീരദാളിമേൽ
ഇണങ്ങിത്തിങ്കളൊവന്തളോടലാ-
മനർഘമിന്നൽപ്പിണരിന്റെ ലീലകൾ. ൭൫

അമൂല്യവാത്സല്യവികാസമന്മയീ-
വചസ്സിരജ്ജുകര മർത്തനങ്ങളാൽ
അടുത്തു കാണിച്ചുളവാത്മജയ്ക്കക-
ത്തുയന്ന വിസ്മയവിഷാദചിന്തകൾ. ൭൬

വിളഞ്ഞു മററാരുമറിഞ്ഞിടാത്ത ക-
ണ്ണൊളിച്ചു നിന്നീടിന ചിത്തവൃത്തികൾ,
വിരിഞ്ഞു പൊട്ടീടിന മാതളത്തിൽ
കണങ്ങൾപോലെ, വെളിവായി മിന്നുമം. ൩൭

ഉതിർന്ന ബാഷ്പത്തൊടു പുത്രിയമ്മത-
ന്നുരസ്സിലായിത്തല ചാച്ചുവെച്ചുടൻ
ഉളൂഢവിസ്രംഭമിദം പദം 'ഇറ-
നരച്ചിതേ' അശ്രുഗദ്ഗദോക്തികൾ:— ൩൮

"സമസ്തമമ്മേ, മമ തെററു സാദരം
ക്ഷമിയ്ക്കണേ! താവകലാളനയ്ക്കു ഞാൻ
സമർത്ഥമാം ഭാജനമല്ല; ദുർവ്വിധം
വഹിച്ചിടും ഖേദമുഖാംഗിയേക്കിൽ. ൩൯

"കൊതിച്ചു ലാളിച്ചു വളർത്തി, യോഗ്യമാം-
സ്ഥിതിയ്ക്കു ചേരുംപടിയച്ഛനമ്മമാർ;
ചതിച്ചു ഹാ! നന്ദിനി നിങ്ങളെ, മനോ-
ഗതിയ്ക്കു വക്രതയെടുത്തുകൊൾകയാൽ. ൪൦

"പ്രിയപ്പെടും നിങ്ങളറിഞ്ഞിടാതെ ഞാ-
നമന്ദമൂന്നീ' പ്രതിപത്തിയേകനിൽ;
പ്രതിജ്ഞയെ ധൂർത്തൻ 'നിറവേററി'ടാഞ്ഞയാ-
ളകത്തു ദുഃഖം വളരുന്നു നാൾക്കുനാൾ. ൪൧

"മനസ്സു ഞാനൂന്നിയതാരിലെന്നമാ-
ക്കധീനമായെന്നമെനിയ്ക്കുരയ്ക്കുവാൻ
മനസ്സിലായില്ല; നരാഗഭാജനം
മറയ്ക്കയാൽ തന്നെയിതാപകം. ൪൨

“മദീയപാണിഗ്രഹണത്തിനുള്ളനേ-
കനുജന്മവാങ്ങാൻ വരുമെന്ന കാമുകൻ
മദാന്ധയാമെന്നോടുരച്ചു, 'വേദവാ-
ഗ്വിലാസ'മായിട്ടതു വിശ്വസിച്ചു ഞാൻ. ൭൨

“വരാസ്ഥയാലിന്നു വരസ്സു,മെന്മനം
നിരാശയിൽത്തന്നെ നിലീനമായ്ത്തുലോം;
ധരാധിവാസം നരകാധിവാസമായ്-
വരാതിരിക്കാനിനി 'യീശനാശ്രയം'.” ൭൩

സഗദ്ഗദം പുത്രിയുരച്ചിവണ്ണമ-
സ്സാവിത്രിതൻ പൂമടിയിൽ കമിഴ്ന്നുടൻ
സഹിക്കവയ്യാത്ത വിഷാദമൊന്നു, സ-
മ്പതിച്ചു കണ്ണീർ ചൊരിവാൻ തുടങ്ങിനാൾ. ൭൪

സ്വനന്ദിനിക്കുള്ളൊരു തീവ്രസങ്കട-
സ്വരൂപമേവം വെളിവായവേളയിൽ
സ്വതഃ പ്രശാന്താത്മകമായ തന്മനഃ-
സ്വഭാവമമ്മയ്ക്കു പകർന്നു മിക്കതും. ൭൫

മകൾക്കെഴും ദുസ്സഹമായ സങ്കടം
പകർന്നു മാതാവനുതാപശക്തിയാൽ
'പുകഞ്ഞ കണ്ണീർ' ചൊരിയുന്ന പുത്രിതൻ-
പുറം തലോടിപ്പുനരേവമോതിനാൾ:— ൭൬

“കരഞ്ഞിടായ്കെന്മകളേ, കടുപ്പമായ്-
കഥിച്ചു ഞാനെങ്കിലുമീയവസ്ഥയിൽ
കരൾക്ക 'പുണ്ണിൽത്തവകൊള്ളി' വെച്ചിനി-
'ക്കഴറ്റിടുന്നി' ല്ലിഹ വാക്ശരങ്ങളാൽ. ൭൭

“ധരിയ്ക്ക നീ, ദുസ്സഹപാരവശ്യമ-
ഞരിയ്ക്കുമാറാക്കിയ കാമസൂത്രവേ
തിരിച്ചറിഞ്ഞീടുവതിന്നു തക്കതാ-
യിരിയ്ക്കുമുറങ്ങളുമൊന്നുമില്ലയോ? ൨൯

‘വഴക്കുകൊണ്ടില്ല ഫലം’; നിനക്കു തെ-
ന്നഷിയ്ക്ക ചേരേണ്ടൊരു ചിത്രലേഖ നേൽ;
‘അഴയ്ക്ക’മാത്രമൊതുക്കി മാറ്റ്ണാ-
കഴിയ്ക്കുവാനുള്ളൊരു മാറ്റമാക്കണോ. ൩൦

‘വരട്ടെ കണ്ടെ, വലുതാം നിരാശയിൽ
പതിയ്ക്കുവാനോർമ്മയിൽനിന്നുമഞ്ജസാ
വരയ്ക്ക, നീ നിന്റെ കാമുകനെന്നും
സ്വരൂപമേറെക്കുറയാത്ത രീതിയിൽ. ൩൧

“ഇനിയ്ക്കൊട്ടും ബാധിയുമെന്റെ വിത്തവും
ജ്വലിച്ചിടും പ്രേമകശക്തിയും തുലോം
ഇനിസ്സുതേ, ത്വൽപ്രിയമാർഗ്ഗണാർത്ഥമായ്”
‘ചെലിയ്ക്ക വെയ്ക്കാം’ ബത! ശുചിയാണ്ണനീ.” ൩൨

സമാശ്വസിച്ചീമൊഴി കേട്ടു പെൺകിടാ-
വെണ്ണീറവു രോജാവരണാംശുകങ്ങളിൽ
ഒളിച്ചു സംസ്ഥാപിതമായിരുന്നതാം
പ്രിയപ്രതിച്ഛായ മടിച്ചു നൽകിനാൾ. ൩൩

കൊടുത്ത ഫോട്ടോം ജനയിത്രി കൌതുകാ-
ലെടുത്തുനോക്കി ക്ഷണമാളറിഞ്ഞുടൻ,
വിഷോരഗാസ്യാകൃതി കണ്ടപോലവേ,
വിറച്ചു വല്ലാതെ ഭയന്നു ഞെട്ടിനാൾ. ൩൪

പുനഃ പുനഃ ചിത്രപരീക്ഷണത്തിനാ-
ലനന്തസന്താപവിശുദ്ധനെന്നം തുലോം
പുലന്നിതമ്മ,യസ്സൂരതു ധൂമകേതുവി
നുദയപ്പു കാണ്മാനിടയായപോലവേ. ൯൫

പുരസ്സരം ഹന്തതരളേക്ഷണം, സ്വകാ-
ന്തനന്റെ ചിത്രത്തിലണച്ചു, കോൾമയിർ
മുളച്ചുനിൽക്കും നിജപുത്രിയിൽ കൃപാ-
പുരസ്സരം ഹന്ത! സവിത്രി ചൊല്ലിനാൾ:— ൯൬

‘‘കലാരസം മൂർത്തനിറഞ്ഞപോലെ, പൂ-
മഴയ്ക്കു തുല്യം മതുസ്മിതന്റെ മുഖൽ,
കലാവലംബം, തവ ധ്യാനമച്ചെന്തി-
ഖലാഗ്ര്യനാകും പുരുഷന്റ വികലോ? ൯൭

‘‘വിഹാരമല്ലയാധനരാനസേവകൊ-
ണ്ടിഹാന്തതീക്ഷം നിജ കല്പനാരീതിയാൽ
‘നിറച്ചു നാററിച്ചു’ വിടപ്പെടാണിമെ-
‘ലുറച്ചുവോ’? നിന്നിലഭിലാഷമുള്ളതം! ൯൮

“പ്രഭാകരാഭൃൻ—പ്രഭുനന്ദനൻ—പിതൃ-
പ്രഭാവവും വിത്തവുമൊക്കെ നാൾക്കുനാൾ
പ്രലോഭനാധീനതപൂണ്ടു സവ്വഥാ
പ്രലുപ്തമാക്കുന്നൊരു ധൂർത്തനാണിവൻ. ൯൯

‘‘പകച്ചു പൂമ്പാററകൾപോലെ കത്തിടും
വിളക്കിലിപ്പട്ടണമുഗ്ദ്ധബാലകൾ
പതിച്ചതില്ലെത്ര? വിചിത്രഗാത്രനാ-
മിവന്റെയത്യുൽക്കടകാമവഹ്നിയിൽ? ൧൦൦

“ധരിച്ചു ശൃംഗാരകലാവിശേഷനാ-
മിവന്റെ സൂത്രത്തിനകത്തു ചാടിയാൽ
ദുരന്തസന്താപഫലാന്തരത്തിലാ-
ണൊടുക്കമുണ്ടായിവരുന്ന’തൂഴിയിൽ. ൧൦൧

“കരത്തിലും നിന്റെ കരംകടത്തുമീ-
വിലപ്രതിപ്പൂവയെയൊളിച്ചു വെയ്ക്കുവാൻ
കലാലയത്തിന്റെയിടയ്ക്കു, ലജ്ജമാ-
മുള്ളവനന്തർമ്മുടിപ്പതെങ്ങിനേ”? ൧൦൨

കടം വിഷത്തുള്ളികൾപോലെ, കാന്തകൾ-
ക്കകത്തു വീണിട്ടിന മന്ത്രവാണികൾ
കടങ്കലിൻകത്തുകൾപോലെ, വേദന-
പ്പെടുത്തി ഹാ! പെരുകശാക്കിയെന്നുമോ. ൧൦൩

‘പിന്നത്തെ തെററിന്റെ വലിപ്പമീവിധം
സമഗ്രമായ്’ നന്ദവിത്രപഭാഷയിൽ
‘വെളിയ്ക്കു’ തണാർമിഴി കണ്ടു, വീണു, മാൻ-
കിടാവുപോലെ വെടിയേററു, ഭൂമിയിൽ. ൧൦൪

ഒരേത്ത രോമക്കുഴിയിങ്കലും, പഴ-
ത്തിരിക്കമൊന്നു മുഷി തറച്ച രീതിയിൽ
ഒടുക്കമുണ്ടായൊരു സംഭ്രമത്തിനോ-
ടടഞ്ഞു മസ്ലിഷ്ടമനോജ്ഞഗാത്രികൾ. ൧൦൫

മിഴിച്ചു നോട്ടങ്ങളെമത്സരത്വമാ-
യൊഴിച്ചിടുന്നല്ലവിൽ മിത്രമായവൻ
പൊഴിച്ചിടും പുഞ്ചിരിയും, വിശാലനേർ-
മിഴിയ്ക്കു ചിത്തഭ്രമമെന്നു, ചൊല്ലിമേൽ. ൧൦൬

തദീയശോച്യസ്ഥിതി കണ്ടു, സംഭ്രമി-
ച്ചുറക്കെ മാതാവു സഹായമേകുവാൻ
വിളിച്ചു ഭർത്താവിനെ;യാത്തവേളയിൽ
സതിയ്ക്കു സർവ്വം ശരണം സ്വവല്ലഭൻ. ൫൰൩

പ്രിയാസമാക്രന്ദനവിസ്വരസ്വനോ-
ദയാൽ സമാകർഷിതനായ നായകൻ
ദയാസമേതം ദയിതാസഹായസത്-
ക്രിയാപരൻ തത്ര കരേറിയെത്തിനാൻ. ൫൰൪

മകൾക്കു പെട്ടെന്നു പിടിച്ചിരിപ്പതേ
മനസ്സുഖക്കേടു ജനിച്ചുവെന്നയാൾ
മനസ്സിലാക്കി സ്വയമേതു കാരണം
മറച്ചു ലജ്ജാളുതമാനശാലിയാൾ. ൫൰൫

പരീക്ഷയേക്കാൾ 'നിവൃത്തി'യെപ്പൊഴും
പഠിച്ചു മസ്തിഷ്കതരംഗകേടുകൾ
'പ്രതക്ഷ'യണ്ണിച്ചതുകൊണ്ടു വന്ന ധീ
പരിഭ്രമാവസ്ഥയി,ലെന്തു നണ്ണിനാൻ. ൫൰൬

കുടുംബവൈദ്യൻ ക്ഷണമെത്തി, നേരെയ-
ക്ഷമാഗ്രധീതൻ പരിശോധനങ്ങളാൽ,
"കുമാരിയെത്തെല്ലു സുഖപ്പെടുത്തുവാൻ
കുറച്ചുനാൾ വേണ"മിതെന്നു ചൊല്ലിനാൻ. ൫൰൭

തുടങ്ങി ശുശ്രൂഷകളന്നാൾ തുടങ്ങി, നി-
സ്ഥൂലജ്വരത്തോടു തുലോം ക്ഷയാർത്തികൾ;
തുടർന്നു ചിത്തഭ്രമവും; വ്യഥാപ്തിയിൽ
'തുഴഞ്ഞു' ഹാ! നീന്തി പിതാക്കൾ നിഷ്ഫലം. ൫൰൮

ജ്വരക്ഷയോന്മാദവികാരമിശ്രമാ-
യിരുന്ന ദീനവ്യാധിതി ഹന്ത! മെല്ലെമേൽ
ജ്വലിച്ചു വല്ലാതെ ഭവാനി ശയ്യയിൽ
കിടന്നു ‘തൽക്കർമ്മഫലങ്ങളുണ്ണുവാൻ’. ൧൧൩

നടത്തി ഹാ! “കൃമിചികിത്സ”; “ഹോമിയോ-
പ്പതി” പ്രകാരം ചില ഭേഷജങ്ങളെ
നതാംഗി സേവിച്ചു; ഫലിച്ചതില്ലിത-
പ്രയോഗമൊന്നും പ്രമദാവിഭൂഷയിൽ. ൧൧൪

പ്രസിദ്ധമാമാംഗലവൈദ്യതം മഹാ-
പ്രയാസമീരോഗചികിത്സയെന്നഹോ!
പ്രവൃത്തിമൂലം വെളിവാക്കി; കന്മഷ-
വ്യപായമോ മറ്റില്ല ‘സൽക്രിയയെന്നിയേ’. ൧൧൫

കിടന്നു കഷ്ടം! ‘നരകിച്ചു’ അത്ര പൊൻ-
കിടാവു; തന്മന്ദിരപുഷ്പവാടിയിൽ
കിളുർന്നതാം മുല്ലയുണങ്ങി നില്ക്കുമാ,
കിളിർച്ചു വീണ്ടും മഴയാൽ തഴയ്ക്കുവാൻ. ൧൧൬

ഒരന്തിനേരത്തതി ഭാഗ്യഹീനരാ-
യുഴന്നു ദുഃഖിച്ചിടുമപ്പനമ്മമാർ
കുഴങ്ങിലെ “കെപ്പിക്കാം” പോലെ ജീവിതം
നയിച്ചിരുന്നാർ നയനാംബുധാരയിൽ. ൧൧൭

സുതാസുഖക്കേടിനു ഭേദമല്പവും
നിതാന്ത ശുശ്രൂഷണലക്ഷണങ്ങളാൽ
ഹിതാനുകൂലം ബത! കണ്ടിടായ്കയാൽ
ഹതാശയത്തോടവരത്ര മേവിനാർ; ൧൧൮

ത്രികണ്ട സൌന്ദര്യവിലാസമത്രയും
തകർന്നഹോ! കേവലമസ്ഥിമാത്രയായ്
ഞ്ഞകത്തു രോഗാതുരയായ്ക്കിടന്ന ത-
ന്മുഖംമെഴും ഛാവിലയെന്തു നോക്കിനാർ. ൧൧൯

ഒടിഞ്ഞുവോ വില്ലുകൾ രണ്ടു, താഴിക-
ക്കുടങ്ങൾ രണ്ടെണ്ണമുടഞ്ഞു പോയിതോ?
വിടന്റെ വീശേണ ജയപ്രധാനമാം
കൊടിക്കു കോട്ടം സ്മര! സംഭവിച്ചുവോ? ൧൨൦

വിടന്റെ സാഹ്യത്തിന നിന്നനംഗ! സ-
ങ്കടപ്പെട്ടന്നന്നീ ദുഷ്പ്രവൃത്തിയാൽ
ഉടച്ചു നീയിങ്ങയഹൊ, മുന്നത-
സ്ഫുടസ്തനാ പൊങ്ങിവരേണ്ടവേളയിൽ. ൧൨൧

അതില്ല; ശൈശവപാനി ശക്തിയുക്തമാ-
യിതാ മുഴങ്ങുന്നു മൃദംഗ കേൾക്കവാൻ
ഗൃഹാങ്കണത്തിൽ; ഉളഭൃംഗകാവ്യതാ
പ്രവാഹമാപൂർണ്ണിതമെന്നു തീരിയിൽ. ൧൨൨

പ്രശാന്ത ഗംഭീരതരമ്മു മഞ്ജുള-
പ്രണാദ വർഷം ശ്രവണോദരങ്ങളിൽ
പ്രവേശനം കൊണ്ടുള്ളപോലെ, കോൾമയിർ-
പ്രകാശമാരോഹിണി ചാർത്തി മേനിയിൽ. ൧൨൩

ഇതെന്തു ശബ്ദമാവതെന്നു സംശയി-
ച്ചുറ്റിത്തിടമായ ഗൃഹനായകൻ
ഇറങ്ങിവന്നാനിടിനാദമാത്തിലാ
തിങ്ങുന്നു" കേട്ടിടിനമൊഴിപോലവേ. ൧൨൪

‘തുറന്ന മുററത്തു മുഖം പ്രശാന്തമായ്’,
ചുവന്ന ശുദ്ധാംബരമൊത്തു ചുററി മേൽ,
ഇതാ പ്രകാശിച്ചിടുമന്തിപോലെ വ-
ന്നൊരാര്യസന്യാസിനി നില്പതുണ്ടിതഃ!! ൧൨൫

ശരൽ പുതുശ്രീവസന്തത്തി, ലാംബുദജാ-
ലത്തിലന്നം വിലസുന്ന രീതിയിൽ
സ്ഫുരൽ പ്രകാശത്തൊടു മിന്നി, മൌക്തികാ-
ങ്കുരം പയസ്സിൽ പുലരുന്ന രീതിയിൽ. ൧൨൬

മുഖേന്ദുവും, യോഗിനിതന്റെ മുഗ്ദ്ധമാം
ഗളാബ്ജകോമലതയും, വിളങ്ങുവാൻ
മുറുക്കിയന്തിലിന ഗാഢവും, സഖേദാ-
രന്ധ്രമാവും വെളിവാക്കിയാദരാൽ. ൧൨൭

കഴുത്തിലന്യൂനരുദ്രാക്ഷകാന്തി കാളിടും
കനത്ത രുദ്രാക്ഷ വിശുദ്ധമാലകൾ.
കമണ്ഡലു ശ്രീകരമായ വാമമാം
കരത്തിലും യോഗിനി പൂണ്ടുമേവിനാൾ. ൧൨൮

ഗൃഹാധിനാഥാഗമനത്തിലാദര-
സ്വരോപസംഹാരമൊടത്തിലാദരാൽ
സഹായമാനാത്മമുദാരമന്ദിരോ-
ദരത്തിലേറീട്ടവളേവമോതിനാൾ:— ൧൨൯

“പ്രഭോ! ഭവിക്കട്ടെ! ശുഭം ഭവാനു മേ-
ലവർണ്ണ്യസഹ്യാചല പീഠഭൂമിയിൽ
പ്രതിജ്ഞചെയ്തുത്തമശാല തന്റെയുൽ-
ഗതിയ്ക്കു യാചിച്ചു നടന്നിടുന്നു ഞാൻ. ൧൩൦

"പ്രസിദ്ധമാം ഭാരതഭൂമഹർഷി സം-
പ്രപാദിതായുസ്സ്മൃതിതൻറ രീതിയിൽ
പ്രതിഷ്ഠചെയ്യുന്നിതു, ദീനബാലികാ-
പ്രരക്ഷണത്തിന്നിതു കേൾക്കകെൻപ്രഭോ. ൧൩൧

എന്നിവ്വിധം സോദരിയാതുരാതുരാ-
സപത്രപത്രപീകരണപ്രവൃത്തികൾ
എടുത്തു വാഴുന്നിതു ശൈലപീഠഭൂ-
തലത്തിലേകൌഷധവല്ലിപോലവെ. ൧൩൨

"വിദഗ്ദ്ധയാണെൻറ സഗർഭ്യ, സുശ്രുത-
പ്രയോഗശുശ്രൂഷണ ശാസ്ത്രവിദ്യയിൽ;
വിശിഷ്യ വിജ്ഞാനവുമുണ്ടു ബാലികാ-
ചികിത്സനങ്ങൾക്കിഹ നിർവ്വഹിക്കുവാൻ ൧൩൩

"മരുന്നു സാധ്വാളി, ഘനം വിശുദ്ധമാം
പയസ്സിനെപ്പോലെ നിസർഗ്ഗരീതിയിൽ
തരുന്നു, പൂതാനിലനേ വിശാലമാം
നഭസ്സുപോലെ വിളങ്ങുമെന്നിയേ. ൧൩൪

"വിദേശയന്ത്രങ്ങളിലിട്ടു ഞെക്കിയ-
ല്ലെടുപ്പതീയൌഷധസത്തിലൊന്നുമേ;
വിധിപ്രകാരം സകല പ്രയോഗവും
നടത്തിടുന്നു നവ വൈദ്യശാലയിൽ. ൧൩൫

"വിശിഷ്ടമിസ്ഥാപന;മിന്നിതിൻറയുൽ-
ഗതിയ്ക്കു വേണ്ടും ധനശേഖരത്തിൽ ഞാൻ
വിശുദ്ധസന്യാസമൊടും ശ്രമിച്ചു സ-
ഞ്ചരിച്ചിടുന്നു ചരിതാർത്ഥയാകുവാൻ. ൧൩൬

"ദിവാൻമുതൽ ദീനദയാലുവായിടും
ദിഗംബരൻതന്റെ പദത്തിലും ക്രമാൽ
ദിവാനിശം യാചനചെയ്തിടുന്നു ഞാൻ,
ഭവാൻ യഥാശക്തി കൊടുക്ക വല്ലതും." ൱൩൭

വ് പത്രിലാണപ്പൊഴു വിസ്മയാന്വിതം
വിനീതനായ" കേട്ടു പറഞ്ഞു താദരാൽ
തപോധനിസ്തുതിതരമോതി സാന്ദ്രമു-
ത്തരംഗിതാശാകലമൃതാരം ഗിരം. ൱൩൮

"മഹാശയേ, മഞ്ജുളമായ ഭാഷയിൽ
സുമംഗളാശിസ്സരുചെയ്യുതിന്നു ഞാൻ
മനസ്സിലത്യാദരഭക്തിപൂർവകം
നമസ്കരിക്കുന്നു പദാംബുജങ്ങളിൽ. ൱൩൯

"ത്വാദൃശപാദാംബുജപാംസുപാതമീ-
മദീയഗേഹത്തെ വിശുദ്ധമാക്കുവാൻ
ഉദിന്നസൽകർമ്മമുദിച്ചതെന്റെ സു-
പ്രതീക്ഷഭാഗ്യോദയപൂർവ്വചിഹ്നമാം. ൱൪൦

"യുവാംഗനാസംഗനിവാരണാർത്ഥമോ
തവാഗമാദൃത്യനിരൂപമാം വ്രതം,
ദിവാനിശം ഞാനതമാചരിച്ചു മു-
നിവാസമിപ്പോളിഹ ചെയ്കയാണയേ. ൱൪൧

"ഒരാണ്ടുകാലത്തിനിടയ്ക്കു പത്നിയൽ-
ക്കൊരാമയം പൂണ്ടൊരു രോഗശയ്യയിൽ
കിടപ്പിലാണന്നതുമൂലമാണുമാ-
ശ്രമം നിനച്ചീടുകിലീയൊരാലയം. ൱൪൨

സമത്ഥനാം 'ക്രനിഭൂടങ്കി, വൃദ്ധയാം
കണ്ടകൃനിക്കണിയാട്ടു'യെവരെ
സമാശ്രയിച്ചേ,നതുകൊണ്ടഹോ! ഫലം
കേരത്തോതയില്ലാത്ത കനിപോലുമേ? ൧൪൧

പണം വൃഥാ 'തട്ടിയെടുത്തിടുന്ന' നിർ-
ഘൃണതമാരാം ചില വൈദ്യപണ്ഡിതർ,
ഗുണം വരുത്താതെയൊഴിച്ചിടുന്നു; നാ-
ശത്തിലാകാത്തതുതന്നെ ഭാഗ്യതം. ൧൪൨

പരിഷ്കരിച്ചുള്ള മതാന്തരസേവയെ
പുരസ്കരിച്ചുള്ളൊരീ പത്രപംക്തിയിൽ
പരസ്യമെന്നോണമടിച്ചിടുന്നി,തെന്തുവിധം
പരീക്ഷണത്താൽ വിചാരമെന്നു കണ്ടിടാം. ൧൪൩

"അനർത്ഥമാണാശ്ശുനിരർത്ഥമാസികാ-
പ്രവർത്തനം ഹാ! പരമാർത്ഥമന്യഥാ
അടിച്ചുകൂട്ടുകാ'രെന്നൊരു 'വിദ്യ'യെന്നു നാ-
മറിഞ്ഞിരിപ്പു പരമാർത്ഥമല്ലയേ. ൧൪൪

സമർത്ഥയാണിന്നിഹ ദേവി ബാലികാ-
ചികിത്സചെയ്യുംവിഷയത്തിലെന്നു ഞാൻ
സഹർഷനായ് കേട്ടിതു, സത്യമെങ്കിലോ
സമാശ്വസിപ്പിക്ക മരിയപുത്രിയെ. ൧൪൫

"ചികിത്സചെയ്യും, വിചികിത്സവേണ്ടയെ,
ഗുണം ലഭിച്ചീടുകിലോ ധരിത്രിയിൽ
ചിരപ്രയത്നം സഫലീകരിച്ചു, തൽ-
ഗുണതാരമേത്തർത്ഥസഹായമേകിടാം". ൧൪൬

ഗൃഹാധിപൻ ‘ഗൌതമവഹാസ്യഭാഷയിൽ’
പറഞ്ഞതെല്ലാം വഴിപോലെ ബുദ്ധിയാൽ
ഗ്രഹിച്ചു യോഗീശ്വരി; ‘ശാന്തമാം രസം-
പതിച്ചുരച്ചാൾ പരമോത്തരോക്തികൾ:— ൱൪൯

“ഫലേച്ഛകൂടാതെ പരോപകാരസത്-
പഥത്തിലത്യുഗ്രശരായ യോഗികൾ
പരിഭ്രമിയ്ക്കുന്നു; ധനാർജ്ജനാർത്ഥന-
പ്രവൃത്തിയിൽ സ്വാർത്ഥതയില്ലതെല്ലുമേ. ൱൫൦

ഭവാനു, പുത്രിക്കുഴമായതാർത്തിയാൽ
ഭവാബ്ധിയിൽ താണ ഹൃദന്തനാഡിയിൽ,
ഭടന്നപോലെ വലുതായ തോൽവിയിൽ,
ഭവിച്ചുപോയ്’ ജീവതമോവിചിന്തകൾ. ൱൫൧

“മനുഷ്യനങ്ങാം മരണം തടുക്കുവാൻ
മരുന്നു ധന്വന്തരികൾക്കുമൂഴിയിൽ
മഹാമതേ! കൈവശമില്ല; ധന്യരാം
അമർത്ത്യരാമോ ബത! മർത്ത്യരാമിവർ? ൱൫൨

“മരുന്നുകൊണ്ടങ്കിലുമെന്തു രോഗവും
ശമിയ്ക്കു’മെന്നങ്ങിഹ ശാസ്ത്രവാണികൾ;
മകൾക്കെഴും ദീനവുമത്ര മാറിടാം
ശമിയ്ക്കു; ശാസ്ത്രോക്തിയബദ്ധമാകുമോ? ൱൫൩

“പരീക്ഷചെയ്യേണമതിരോഗബാധയാൽ
പരീതയെ; ശാസ്ത്രപരാവലംബനം
മതിപികരണോഷണമല്ല; സർവ്വഥാ
സ്ഥിരീകരിപ്പൂ വിപരീതമാം മതം. ൱൫൪

"യഥാൎത്ഥമാമാത്മസേവതന്നെയാ-
ണുത്തമമാമീശ്വരസേവയൂഴിയിൽ;
യജിക്ക കാലോചിതമായ മാൎഗ്ഗമാ-
യിരിപ്പതില്ലിക്കലിതന്റെ വാഴ്ചയിൽ; ൱൩൪

"മകൾക്കു ശുശ്രൂഷണവേലചെയ്യുവാ-
നവശ്യമങ്ങിന്നവസരമേകുകിൽ,
മതിയ്ക്കു സംതൃപ്തിവരുത്തിടാം; മിനി-
ക്കതിന്നു സംഭാവനവേണ്ട വേറെ മേൽ" ൱൩൫

ഇവണ്ണമോതീടിന ധന്യയായിടും
വിശുദ്ധയാം ത്യാഗിനിയെ ഗൃഹാധിപൻ
വിളക്കിനെപ്പോലെ, ശരീരമെപ്പൊഴും
മുറിയ്ക്കകത്തേയ്ക്കു നയിച്ചിതന്തിയിൽ. ൱൩൬

കരങ്ങളും പല്ലവതല്ലജങ്ങളും
നഖങ്ങളും സുന്ദരതാരകങ്ങളും
കടന്ന വൈഭവമേറ്റു കരിഞ്ഞ വല്ലിയെ-
ക്കണക്കു ഹാ! രോഗിണി വാണു കട്ടിലിൽ. ൱൩൭

സഹസ്രപത്രദ്യുതി ശങ്കി, ജീവനാം
ജലോഘം കുറഞ്ഞ, തനുമത്സ്യലീലകം
നിലച്ചിരിക്കുന്ന സരസ്സുപോലവേ
ശയിച്ചു ശാതോദരി തന്റെ ശയ്യയിൽ. ൱൩൮

നിരാകരത്വം നിഖിലാംഗവൈഭവം
ക്ഷയിച്ചുവല്ലോ! കലമാത്രമങ്ങസാ
ഗ്രഹത്തിൽ, ലാപാൽ ഗ്രഹണസ്ഥനായിടും
ശശാങ്കനെപ്പോലെ ശയിച്ചു രോഗിണി. ൱൩൯

അടുത്തു യോഗീശ്വരിചെന്നു, മന്ദമാ
യെടുത്തു കൈ, "നാഡിപിടിച്ചു" നോക്കിനാൾ;
കൊടുത്തു തൽസ്പർശനമത്ഭുതം! ശമം
കെടുത്തുബാലയ്ക്കതു "നോവ്യജ്വര"ത്തിനെ" ൧൩൧

അനന്തരം താനവധാനപൂർവ്വകം
കഴിച്ചതാം നൽപരിശോധനങ്ങളാൽ
അറിഞ്ഞു രോഗത്തിനെഴും "നിദാനവും"
"സ്വഭാവവും" യോഗിനി യോഗശക്തിയാൽ ൧൩൨

ചികിത്സനാലഞ്ചുദിനം നടത്തി, തൽ-
ഫലം ഗുണോദ്യോതകമെന്നു കാൺകയാൽ
ചിരംഗദഗ്രസ്തയെയാതുരാശ്രമ-
ത്തിലേയ്ക്കു സന്ധ്യാശ്രയിൽ മാറ്റിനാളവർ ൧൩൩

പ്രസിദ്ധിച്ചിരിക്കും ജലവായുയോഗമാ-
ർന്നിടങ്ങൾ; ഗ്രാമാന്തമിയന്ന മേൽക്കുമേൽ
പ്രശാന്തരോഗപ്രദമായ പട്ടണാ-
ധിവാസമെങ്ങിന്നിവാസമെങ്ങവാൻ? ൧൩൪

വിളർത്തുഴൽ കണ്ണുകുഴിഞ്ഞു ദേഹവും
വളർന്നു ജീവിച്ചിടുമച്ഛനമ്മമാർ
"വിശേഷവൃത്താന്ത"മിടയ്ക്കിടയ്ക്കറി
ഞ്ഞിരുന്നു യോഗീശ്വരിതന്റെ കത്തിനാൽ ൧൩൫

"ഉയർപ്പെടേണ്ടുന്നൊരു പെട്ടി"യൊക്കെയും
"കേടന്നുപോയ്" നന്ദിനിയെന്നറിഞ്ഞവർ
ഭജിച്ചു ദൈവത്തെ യഥാന്യമേറവു
ഒഴിഞ്ഞു വർദ്ധിച്ചുവസിച്ചുനാൾക്കനോം. ൧൩൬

മകരംകഴ പൂർവ്വസ്ഥിതിയങ്ങു പൂർണ്ണമായ്
ലഭിച്ചുശേഷം മതിയപ്പനമ്മമാർ
അടുത്തു ചെല്ലുന്നതിനെന്നു വന്നതാ-
മെഴുത്തു കണ്ടായവരത്ര മേവിനാർ. ൧൩൭

ഭവാനിയെ സമ്പ്രതി സാവധാനമായ്
വിദഗ്ദ്ധശുശ്രൂഷകിമാർ, സഗർഭ്യകരം,
ഭയങ്കരവ്യാധിയിൽ നിന്നു മന്ദമായ്
വിമുക്തയാക്കീ പരിരക്ഷണങ്ങളാൽ. ൧൩൮

പ്രകർഷനംകൊണ്ടു പതിച്ചുണങ്ങമാ-
യിരുന്ന പൂവല്ലി പുനസ്സജീവിതം
ക്രമത്തിലാർജ്ജിപ്പതുപോലെ, രക്ഷയാൽ
കൃശാംഗിയോജസ്സണിവാൻ തുടങ്ങിനാൾ. ൧൩൯

നിദാഘകാലത്തു നിലച്ച ജീവന-
പ്രവാഹമെന്നാൽ മഴകൊണ്ട വേളയിൽ
നിറഞ്ഞിടും നിമ്നഗപോലെ വീണ്ടുമ-
ന്നണർച്ചമങ്കയ്ക്കുളവായ് ചികിത്സയാൽ ൧൪൦

മുറയ്ക്കു പൂർണ്ണഗ്രഹണം കഴിഞ്ഞു സ
പ്രമുക്തനാമമ്പിളിപോലെ പെണ്മണി
മുഴുത്ത രോഗം പ്രശമിച്ചു സുന്ദര-
പ്രസന്നഭാവത്തെ വഹിച്ചു മേനിയിൽ. ൧൪൧

ഒഴിച്ചുതാം സ്നേഹമൊടുങ്ങിമങ്ങമാ-
യിരുന്ന ദീപം 'നവനീത' ശക്തിയാൽ
തെളിപ്പുഭാവം കലരുന്നപോലെ പൊൻ-
കിടാവണിഞ്ഞു ഗമനാഞ്ജലീലകം. ൧൪൨

ക്ഷപാകരാസ്യകമലാളുമാത്രമാ-
ധിവാസ ശാസ്ത്രോക്ത മഹാചികിത്സകർ.
ക്ഷയജ്വരോന്മാദവിലക്ഷണങ്ങളെ
കളഞ്ഞു നൽകീ നിജ കായശക്തിയേ. ൧൬൩

അവർക്കു പൂർവ്വസ്മൃതി,യെങ്കിലും, ഉദലാം
കരഞ്ഞിരുന്നു, നിജ ഭൂതജീവിതം
അകന്ന നിദ്ദ്യം നിഴൽപോലെ മാത്രമേ
തനിക്കഹോ! തോന്നിയതുള്ളു ബുദ്ധിയിൽ. ൧൬൪

സ്വപൂർവ്വ ജന്മസ്മൃതിപോലെ, വാമെഴും
തന്തുഢമുദ്ര്യതിപോലെ, ബുദ്ധിയിൽ
കഴിഞ്ഞതേ പാറിയവർക്കു് ഒട്ടു
പ്രകാശരൂപത്തിലിരുന്നിതോർമ്മകൾ. ൧൬൫

ശമിച്ച പൂർവ്വസ്മൃതിതന്നെ വന്നിടാ-
തുണർത്തിയാലായതു വിഭ്രമം ബലാൽ
ഗമത്തിനാവർത്തന ഹേതുവാകുമെ-
ന്നറിഞ്ഞു സന്ന്യാസിനിമാർ സമർത്ഥകൾ ൧൬൬

"തനിച്ചു പൂർവ്വസ്മൃതി വന്നിടുംവരെ
ബ്ഭവാനിയോടക്കഥയൊന്നുമാരുമേ-
കഥിച്ചിടായ്കെന്നൊരു ചട്ടമാശ്രമാ-
ശ്രമത്തിലെല്ലാവരുമാചരിച്ചതേ. ൧൬൭

"സ്വഗേഹിനീയാത്രമ,മമ്മമാർ തപോ-
ഗുണംപെടും യോഗിനിമാർ; സഗർഭ്യകൾ
തദാത്മമോപാത്രയമാർന്ന ബാലികാ-
ജനങ്ങൾ" എന്നോർക്കുക നതാംഗിനണ്ണിനാൾ. ൧൬൮

ഗദം ശമിപ്പാനശരീരശക്തിയു-
ളവിച്ച നാരംതൊട്ടു ഭവാനിയമ്മയാം
ഗതജ്ഞരാം യോഗിനിമാരിൽ നിന്നുമ-
ഭ്യസിച്ചു ശുശ്രൂഷണ വൈദ്യവിദ്യകൾ ൧൧൯

കറച്ചുനാരംകൊണ്ടു കുമാരി; യാതുരാം
ഗനാശ്ശുശ്രൂഷണ ശുഭവൃത്തിയിൽ
“കുരുക്ഷമാസ്ഥത്തിൽ നടന്ന” ഗണ്യമാം
വിധത്തിൽവേണ്ടും കഴലാതുമെന്തിനാൾ. ൧൨൦

ഉളക്കളാം യോഗിനിമാർ, വിശിഷ്യതൽ
ഉരുതാമേറുന്നൊരു ശിഷ്യയും ക്രമാൽ
ഉരൂഢബന്ധത്തൊടു ചേർന്നു വാണു, ധീ-
ഗുണങ്ങൾ-ശുചി-സ്മൃതി-ഭക്തി-പോലവെ. ൧൨൧

ഒതുങ്ങിയാലാശ്രമജാലി, നിത്യമൊ-
ട്ടുത്തെഴും കാനനവാരങ്ങളിൽ
ഓരോതരം പച്ചമരുന്നു നോക്കി ക-
ണ്ടറിഞ്ഞു മാതാക്കളിൽനിന്നു മകയാം ൧൨൨

ഒരന്തിനേരത്തിനടുത്തു മൂവരും
ത്രിസന്ധ്യകൾക്കൊപ്പമനപ്പരാംഗിയിൽ
തിരിച്ചു ഗൗരാ പതിവിൻ പടിക്കവർ
പെരുന്നതാം പ്രാന്തവനത്തിലെത്തിനാർ. ൧൨൩

പ്രവാളമാം അംഗുലികൊണ്ടു തങ്ങളിൽ
പ്രിയം പെരുന്നംഗനമാരെയാരാൽ
വിളിച്ചു സുസ്വാഗതമോതിനാർ പിക-
സ്വരത്തിനാലന്നഥ ചാരുവല്ലികൾ. ൧൨൪

അനന്യസാധാരണ കാന്തികോലുമാ-
വനത്തിലുള്ളുത്തമമായ കാഴ്ചകൾ
അനന്തസന്തോഷമവൎക്കു കൂട്ടികൾ
അനേകചിത്രങ്ങൾ കണക്കു നൽകിമേൽ. ൧൨൫

ചരത്തു കാലെങ്ങിനെയോ, കിടന്നുഴ-
ന്നിടുന്ന തന്തുക്കളെ മററു തന്തുകൾ
ചലിച്ചു മുഗ്ദ്ധങ്ങൾ ചെയ്‌വതാമനോ-
ഹരാക്ഷിയെ മാറ്റു ജനങ്ങൾ കാട്ടിനാർ. ൧൨൬

ഉലഞ്ഞു ബന്ധിച്ചൊരു പാദപത്തിനു-
ള്ളുപേക്ഷയാൽ വീണൊരു ബാലവല്ലിയെ
ഉദീൎണ്ണരാഗത്തൊടു കൈകൾ കൊടുത്തു, മെ-
ല്ലയത്തിലിരുന്നങ്ങിതു രണ്ടു വല്ലികൾ, ൧൨൭

പ്രചണ്ഡവാതപ്രഹരങ്ങളേൽക്കയാൽ
പതിച്ചപൂവല്ലികളെ കിടത്തുവാൻ
പ്രകൃത്യമരാംഗന കൃത്യമേറിടും
തൃണസ്പൎശൽ ശയ്യകളുരു നൽകിനാൾ ൧൨൮

വളൎന്ന കാലത്തുത വല്ലിപോലുമേ,
യണിഞ്ഞിരുന്നില്ലതുകൊണ്ടുമൊട്ടുകൾ,
വളഞ്ഞു വാടിക്കരിയാതെ, പൂക്കളും
ഫലങ്ങളും നിത്യതുകണ്ടു കാണികൾ. ൧൨൯

ഇവണ്ണമീമൂവർ, തമാല നീലമാം
വനത്തിൽ, വാനിൽച്ചരിക്കുവോൺ താരകൾ
ഇണങ്ങിയൊന്നിച്ചു ചരിച്ചിടുന്നതാം
വിധത്തിലന്തിക്കു പതുക്കെ നീങ്ങിനാർ. ൧൩൦

വിശേഷമാം കാഴ്ചകൾ കണ്ടു, ദിവ്യമാം-
ഗുണംപെറും പച്ചമരുന്നു കൈകളിൽ
പറിച്ചെടുത്തും, പതിവിൽ കുറേ കവി-
ഞ്ഞൊരു കാട്ടിൽ കയറീടിനാരവർ. ൪൰൧

അടുത്ത മിത്രക്ഷതി, ദീനവിഭ്രമ-
പ്രലാപരക്താംബരലക്ഷണങ്ങളാൽ
അരണ്യഭാഗദ്രുമവല്ലിമാലകൾ-
ക്കിടയ്ക്കു കാണായിതവർക്കു നോക്കിയാൽ. ൪൰൨

തിരിച്ചുപോകുന്നതിനാഗ്രഹിക്കവേ
ചരിച്ചതാം കാട്ടിലടുക്കെയാളുകൾ
ഉരച്ച സംഭാഷണശബ്ദമസ്ഫുട-
സ്വരത്തിലെന്തോ? ബത! കേട്ടനാരിമാർ. ൪൰൩

അടുത്തമാത്രയ്ക്കുട ശോണിതാങ്കിതാം-
ഗ്ഗകനെ ബന്ധിച്ചു കിരാതർ മൂന്നുപേർ
ഒരുഗ്രദീനാർത്തവിലാപയുക്തനെ
വഹിച്ചുകൊണ്ടാവനഭൂവിലെത്തിനാർ. ൪൰൪

കഠോരമാരെപ്പുരമാത്രകണ്ടപോ-
തദ്ധേതുവായുള്ളിലുദിച്ച ബുദ്ധിയാൽ
മനുഷ്യഭാരത്തെയിറക്കിനിന്നു; കൈ-
വണങ്ങിയോതീ പരിവാഹകാധിപൻ:— ൪൰൫

"വനത്തിൽ യോഗീശ്വരിമാർ വസിപ്പതാ-
യറിഞ്ഞിരിക്കുന്നിതു ഞങ്ങൾ; അമ്മമാർ,
വരേണ്യരാം നിങ്ങൾ—അവർക്കു തുല്യരാ-
യിരുന്നിടുന്നു വനോപജകാന്തിയാൽ. ൪൰൬

“സ്വബോധമില്ലാതെ നവീനശോണിതാ-
ഭിഷിക്തനായംബരപലശയ്യയിൽ
കിടക്കുമിസ്സുന്ദരരൂപനായിടും
യുവാവു ഞങ്ങൾക്കിഹ ചെന്ന നായകൻ. ൯൭

സമീപസഹ്യാദ്രിവനാന്തരങ്ങളിൽ
കടന്നുവന്നു മൃഗയാപ്രസക്തിയാൽ,
സമുദ്ധതൻ വ്യാഘ്രപരാക്രമോൽക്കട
പ്രമർദ്ദനത്താലടിപെട്ടു ഭൂമിയിൽ. ൯൮

‘വനേചരന്മാരുടെ വാക്കിൽനിന്നുമീ-
വനത്തിലേകാശ്രമശാലയുള്ളതായ്’;
വഴിക്കറിഞ്ഞീവഴി വന്നു നിങ്ങളെ
വഴിക്കുതാ കണ്ടുവശായി സാമ്പ്രതം. ൯൯

‘കനിഞ്ഞു തൽക്കാലചികിത്സ വല്ലതും
നടത്തിയാൽ, നാഗരികാശുപത്രിയിൽ’
എടുത്തുകൊണ്ടങ്ങോട്ടു ഞങ്ങൾ പോയിടാം-
മടുത്തനാംതന്നെ മഹാക്ഷതാർത്തനെ.” ൧൦൦

പ്രധാനയോഗീശ്വരിതന്റെ സമ്മതം-
പ്രകാരമാവ്യാഘ്രഖലീകൃതാംഗനെ
വഹിച്ചുകൊണ്ടായവരൊക്കെയാശ്രമാ-
ശ്രമത്തിലും, രാത്രിയിലന്നു,മെത്തിനാർ. ൧൦൧

ക്ഷണം മഹാവ്യാഘ്രനഖോഗ്രശല്യവി-
ക്ഷതാംഗനായ്, ബോധവിഹീനനായ് ഉഴലാം,
ക്ഷയിച്ചിരിക്കുന്ന യുവാവു, സംഭൃത-
ക്ഷമാനചിതം ശോധിതനായശങ്കിതം. ൧൦൨

സ്വബോധമുണ്ടായി വരാമൊരിക്കലീ-
യുവാവിനല്ലാതെ, ചികിത്സചെയ്യുകിൽ
സുഖപ്പെടാവുന്ന നിലയ്ക്കു കണ്ടതി-
ല്ലവസ്ഥ യോഗീശ്വരിമാർ പരീക്ഷയാൽ. ൧൦൩

അവന്നു ശുശ്രൂഷണവേലചെയ്യുവാ-
നതത്ര ശീലിച്ചവരാം ഭവാനിയെ
അവശ്യനിർദ്ദേശവുമൌഷധങ്ങളും
കൊടുത്തു യോഗീശ്വരിമാരിരുത്തിനാർ. ൧൦൪

മരുന്നുമക്ഷീരവുമല്പമല്പമായ്
കൊടുത്തു; കോലംവായ് കഴുകിത്തുടച്ചു മേൽ
വരിഞ്ഞു ബന്ധിച്ചു; ഭവാനി ദീനനാം
യുവാവിനേകമ്പിളികൊണ്ടു മൂടിനാർ. ൧൦൫

മുഖത്തുമാത്രം തുണിയിട്ടുമൂടിടാ-
തവന്റെയശ്വാസവികാരചേഷ്ടകൾ
മുറയ്ക്കു സൂക്ഷിച്ചു പ്രധാനമോടു ചേർ-
ന്നിരുന്നു നന്ദിച്ച ഭവാനിയമ്മയാൾ. ൧൦൬

ഇടയ്ക്കിടയ്ക്കത്തരുണന്റെയാനനം
തിരിഞ്ഞുനോക്കിത്തരളായതാക്ഷിയാൾ
ഇരിക്കവേ, തന്റെ മനോരഥം ക്രമാൽ
തിരിച്ചു പൂർവസ്മൃതിരാജപാതയിൽ. ൧൦൭

ആശ്രമത്തിനകലെസ്സുരമ്യതരമായ
ഹർമ്മ്യതലമാർന്നു താ-
നാശ്രയിച്ചു പിതൃമാതൃമാതുലജനങ്ങ-
ളെ മഹിതകരുണകൾ,

ആ ശ്രമേതരവിനോദജീവിതമിയന്ന-
　　താം സ്മൃതി മനസ്സിലു;-
ന്നാശ്രയാശനടവിയ്ക്കു കണ്ടുപടിയുതള-
　　വിച്ച പരമത്ഭുതം!! ൧൨൮

ഒന്നിനൊന്നു ഇടരെ,പ്പതിച്ചു പതുവൃഷ്ടി-
　　കൊണ്ടു കളൂർമുല്ലയിൽ
പൂക്കൾപോലെ, നിജപൂർവ്വജീവിത പരങ്ങ-
　　ളാം സ്മൃതികൾ മേൽക്കുമേൽ
വന്നുകൂടി വനിതയ്ക്കു തന്റെ മനതാരി-
　　ലർക്കനണയുന്നവാ-
റന്തിവാനിലിടതിങ്ങിയെത്തിടുമുഡുക്കൾ-
　　പോലെ, ശതകോടികൾ, ൧൨൯

ബാല്യകാലവിഹൃതിയ്ക്കു ബന്ധുരസുബന്ധു-
　　രതാകലബാലികാ-
വൃന്ദസുന്ദരങ്ങളൊന്നു ബന്ധുരസമേതട്ട-
　　മങ്കണതലങ്ങളിൽ
സഞ്ചരിച്ചു വിരമിച്ചു വീണ്ടുമവരൊത്തു
　　ഹാ! രുചി രമിച്ചുകൊ-
ണ്ടാത്മതുഷ്ടിയൊടു വാണതും നിജമനസ്സി-
　　ലാണ്ടു നിഴലിച്ചതേ. ൧൩൦

ക്രീഡകാണമൊതമിച്ചുകൂടിയണികൾ-
　　മക്കളൂർമനോഹര-
ക്രീഡ കോടിയിലണിഞ്ഞു കൂരിതളൊളിച്ചി-
　　ട്ടും കബരിവേണിയിൽ

ക്കുട്ടവാൻ "കുസുമമഞ്ജരി" രചനചെയ്തു
    കഞ്ജസദനങ്ങളിൽ
പാട്ടുപാടി നിവസിച്ചതാം സ്മൃതി പരിസ്ഫു-
    രിച്ചു പരമപ്പൊഴേ. ൧൮൭

തങ്കരത്നഖചിതങ്ങളായ നവമൌതി-
    രങ്ങളണി ചേർന്നതാം
തങ്കരതിലധ തങ്കരേഖ തടവുന്ന
    പുസ്തകമെടുത്തതും
തങ്കമാതമൊന്നമിച്ചു മംഗലകലാല-
    യത്തിനു ഗമിച്ചതും
തങ്കരംഗകമശങ്കമോദമകളിലങ്ക-
    രിച്ചു ഗത സങ്കടം. ൧൮൮

വാർഷികോത്സവ 'സഭാപ്രവേശ'വുമനന്ത-
    രം സരസകാമുകാ-
ലോകവും, സുമുഖമാവതേണ്ണമവനെത്ത-
    നിച്ചു സുമവാടിയിൽ
കണ്ടുമുട്ടിയതുമൊത്തു—മാന്മിഴി തിരിഞ്ഞു
    നോക്കി—തരസാ ക്ഷത-
വ്യാകുലൻ തചിരകോമളാക്ഷികം ഇറന്നു
    ബോധരുചി ഇകിനാൻ. ൧൮൯

തട്ടി ദൃഷ്ടികളവർക്ക—ന്നേർക്കു യുവതിയ്ക്കു
    തന്റെ മൃദുമാനസ-
ത്തട്ടിലത്തരുണനാണു പൂവ് സഖിയെന്ന
    അത്ഭുതകലോദയം

വെട്ടിമിന്നി വെളിവായി; തന്റെ കടിലപ്ര-
    യോഗ ഫലസമൃദ്ധിയാ-
ൽക്കൃത്രിമാന്ധ്യമഴിയിതെന്നു ബോധമപ്പൂനായ്യ-
    വാവിന്നതെവിധം. ൨൭

ശോഭയേറിയ ശോണിയേ പ്രസൂകമാര-
    നേരെ വല്ലതാം മന്യു-
ക്ഷോഭമോടുമിഹ കണ്ടു; താനൊരു കിനാവി-
    ലെന്നു നിരൂപിച്ചുയാൽ
ഹാ! ഭയന്നു; തരസാ മഹേള നവജീവ-
    ചസ്സുവഴി വന്നതാം
പ്രാണവല്ലഭനിന്ന വാത്സല്യമോടു സാന്ത്വ-
    നോക്തിയരുളീടിനാൾ:— ൨൮

"ആതുരാത്രമഭിതോരുമെ ബത! ഭയപ്പെ-
    ടേണ്ട, തവ ദാസി ഞാൻ
നേരമത്ര പരിചര്യ ചെയ്യുതിന ധാത്രി-
    യാണറിക ധാത്രിയിൽ;
വാ തുറന്നിടുക; പാൽ കടിച്ചിടുക;" യെന്ന
    ന്നുമൊഴികൾ ത്രകിനാൾ
കാതരങ്ങളിലുമാകം കളൂത്ത്രവരുമാറു
    കല്ലമപ്പൂരാഗിണി. ൨൯

തുവിടാതെ തുണികൊണ്ടു തൊട്ടുവം കൊടുത്തു
    പാൽ; അതതപ്പുണ്ണ്യമാം
നാവിൽ വീണഥ നനച്ചു തൊണ്ടയെ; നതാംഗി
    വീണ്ടുമതു നൽകിനാൾ;

കേവലം കെടുവതിന്നു കത്തിയെരിയുന്ന-
തായ തിരിപോലവേ
ജീവനേററമൊരുണർച്ചയപ്പൊഴുളവായി-
തപ്പുരുഷനോതിനാൻ:— ൧൫൬

"മദ്യമാംസമദനപ്രസക്തമതിയായി
മാനുഷസമർഹമാം
വിദ്യയൊന്നുമറിയാതെ, യിന്ദ്രിയവിഹാര-
മാസ്യപരിഹാസ്യരിൽ
അദ്വിതീയത വഹിച്ചു പൈതൃകധനങ്ങ-
ളാകെയതിനീചമാം
ഏതിനോമവിഷയത്തിനായ് ബലികഴിച്ചു-
പ്പോയി, കലികൊൾകയാൽ. ൧൫൭

"നല്ല നാഗരിക നാരിമാരുടെ നവീന-
യൌവനങ്ങളെല്ലാം
പല്ലവങ്ങളെയഹംകരിച്ചു നടകൊണ്ട
ശ്രുതരൊട്ടു നാംക്ഷനാം
മല്ലടിച്ചുലമഹംകരിച്ചിതവരെല്ല
ശാപശിതശസ്ത്രമൊ.
നല്ലയോ! കടുവയായി വന്നു കടുവാ പി-
ളർന്നു കടിയിട്ടുമും. ൧൫൮

"ധന്യരാകിയ വധൂജനങ്ങളിലനേക
മാളുകളെയഗേള്ളി-
ജന്യമാടി വിജയിച്ചു കേവലമധന്യ-
രാക്കിയ മഹാശരൻ

കന്യയാം യുവതിയെ ചതിച്ചു ബത! കാമു-
കന്റെ നിലയിൽ—പദം
വിന്യസിച്ചിതു വിവേകമററു പല പാപ-
പങ്കിലപഥങ്ങളിൽ. ൧൧൦

"ഹംസഗാമിനികളായിടും തരുണിമാർക്കു-
ഴും ഹൃദയശുദ്ധിയെ-
ധ്വംസനം മടിവെടിഞ്ഞു ചെയ്തു; മദ്യപാന-
മാസുരപരീക്ഷയിൽ
ശംസനേടി; മൃഗയാപ്രസക്തിയൊടു ഞാന-
നേകവിധമാം മഹാ-
ഹിംസ ചെയ്തിതു; വരുത്തരുതെ ദുരിതവൃത്തി
ദുർമ്മരണഗുഴിയിൽ." ൧൧൯

മേലൊരക്ഷരമുരപ്പതിന്നു കഴിയാതെ-
മാതിരി തളർന്നിത-
മേദുരക്ഷതശരീരജീവഹാ; മിഴി രണ്ടു-
മൂർദ്ധ്വഗതി പൂണ്ടതേ;
മേനിയാളു 'മരവിച്ചു' മേഘമലറിച്ചൊ-
രിഞ്ഞിതതി വൃഷ്ടി;യി-
മ്മേദിനീ മുഖമസഹ്യഭാര പരിമുക്ത-
മായ് പരിലസിച്ചതേ. ൧൧൧

അതി ദുഷ്ടനെങ്കിലുമവന്റെയന്ത്യമാം,
ഗതി കണ്ടു സമ്പ്രതി ഭവാനി ഭക്തിയാൽ
സ്തുതിചെയ്തു ദൈവമവനാത്മശാന്തിയാം
ദ്യുതിയെ തെളിച്ചു വഴിപോലെ കാട്ടുവാൻ. ൧൧൩

നേരെ യോഗിനിമാരറിഞ്ഞു ചരമാ-
ഗമത്തു; മുറസ്സന്ത്രമ-
ദ്വാരെ നിന്നൊരു കൂട്ടകാർ കുതൂഹലതീ-
രം വാങ്ങി വാങ്ങീടിനാർ;
പോരെ; പ്രസ്തുത സംഭവം പ്രതിദിന-
പ്രസ്താവനാപ്രോല്ലസ-
"ത്താരക" ദിനപത്രപംക്തിയിലടി-
പ്പിച്ചുൻ വെടിപ്പായവർ. ൧൧൪

പിറ്റേന്നാളെഴുന്നള്ളു തന്റെ പതിയാം
തോമസ്സ് പത്രത്തിനോ-
ടൊപ്പം കിട്ടി ലൂവനിതന്റെ ജനനി-
യ്ക്കൂവ തനയം, പുത്രിയാം
അസ്രൊപ്പൻസ് ലെണ്ടപൂണ്ണ തരമായ്"
പൂർവ്വസ്ഥിതിസ്സായിതെ-
ന്നാ വൃത്താന്തമറിഞ്ഞു, പതിയോ-
ട്ടിക്കാര്യമോതീടിനാൾ:— ൧൧൫

തണ്ടുപോതമൊരുമിച്ചു മറ്റു മണിമക-
ളൊത്തു തരസാ പുറ-
പ്പെട്ടു, മാനസഗതിസ്സമ തുല്യമതിവേഗ-
മോടുമെത്ത വണ്ടിയിൽ;
കണ്ടു യോഗിനികളെ; തദീയപദപങ്ക-
ജങ്ങളിൽ നമസ്കരി-
ച്ചിട്ടവളുടെ മുഗ്ദ്ധമോദമോടു വാങ്ങി
വിട ഹ വണങ്ങിനാർ. ൧൧൬

“വന്ന സമ്പ്രതി ഫലം തപസ്വിനികളായ
    നിങ്ങളുടെ നിസ്തുല-
ത്യാഗപൂർവ്വകപരിശ്രമത്തിന്നു് തിരൊത്ത-
    വണ്ണമൊരു രീതിയിൽ
ഇന്ന സമ്പ്രതി ഫലം തരുന്നതിനശക്ത-
    രാണറിക ഞങ്ങൾ” ഇ-
ത്യാദി നമ്രതരമാം വചനമാവിനയമതി-
    പൂർവ്വമവദതാതിനാൽ. ൧൧൩

മാന്യരായ ദേവനിയമനിരതകളി-
    യോടപ്പം ഇതുകേട്ടു
കൈക്കവണങ്ങിയവർ വാക്കുരച്ചു:—ഉമയുമാ-
    ശീതളഗിരിസുതമാലാ:—
“ഈദൃശാന്തരംഗതയാമെൻെറ ഇങ്ങളുതർ
    നാലം വളരെ മനു-
ഷ്യരതിൽ നിന്നൊരുവഴി നിതരാം സ-
    ഹിച്ചു ഇ കഠച്ചുനാഥം; ൧൧൪

“ദേവി യാൾ പറയാമെനിക്കു മെന്നതി-
    ലും പ്രിയതരം ഇലോ-
ദീയൊരക്ഷരം; ബത, കലാപൂരകളായ
    ദേവരമികളും സദാ
സേവചെയ്യുപര്, ഞങ്ങ യോഗിനികളാക-
    മമ്മകളും മാത്രമാ-
ണ്ണാത്ത ശക്തി പരമമൃസ്പൃതിനി മാതൃ-
    മാരെന്നു ഗ ചാണമിതം.” ൧൧൫

കളുടെയടിമയായപോലെ, മേവുന്നു സ്ത്രീ-
സ്വജനപരിരക്ഷയ്ക്കുള്ള സ്വാതന്ത്ര്യമതിൻ
മറവിട്ടുവതിനായി സ്വത്വമതാ നൽകി; യോഗീ
ശക്തികളോടൊത്തു ചെയ്യുന്നു മാതാപിതാക്കന്മാർ:- ൨൩.

“അതികഠിനാഗമത്തിൽപ്പെട്ടതിപ്പുത്രിയെ, ദുർ-
വൃത്തിമുഖമണയാതെ കാത്തതിനിവളല്ലോ;
പ്രതിഫലമതാണിനിക്കിപ്പോൾ കിട്ടേണ്ടതവ-
ളതിവിപുലകഷ്ടതരദുഃഖഭാരം താനല്ലോ” -൨൪.

അന്നതൊട്ടിഹ ഭവാനി കാവിയണിയുന്ന
ണിന്നുമവരാം തപോ-
വൃത്തി, നിസ്തുലമാം ധനമാസ്ഥയാ വീക്ഷി-
ച്ചു, ശിവസംപ്രതി
ലോകസേവനമഹിതകളായ് വന്ന യുവതീജ-
നങ്ങളുടെ സേവനപ-
ര്യാപ്തമതിലവശിഷ്ടജീവിതമഖണ്ഡ
ഭക്തിയോടു പോക്കിനാൾ. ൨൫.

സംപൂർണ്ണം.



കേരളസാഹിത്യ
അക്കാദമി